ഓഗസ്റ്റ് 10-16

# പാഠം 7

# യേശുവും ഇല്ലായ്മക്കാരും

**വായിക്കുക:** ലൂക്കൊസ് 1:46-55; 4:16-21; 7:18-23; മത്തായി 12:15-21; 21:12-16; മർക്കൊസ് 11:15-19; യെശ 53:3-6.

**മനഃപാഠവാക്യം:** "ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവു എന്നെ അഭിഷേകം ചെയ്കയാൽ, അവിടുത്തെ ആത്മാവു എന്റെമേൽ ഉണ്ടു; ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്കു കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു" (ലൂക്കൊസ് 4:18,19).

യേശുവിന്റെ മനുഷ്യാവതാരത്തിന്റെ ഇതര കാരണങ്ങളിൽ, ദൈവം എന്തുപോലെയാണു എന്നു നമുക്കു കാണിച്ചുതരുവാൻ യേശു വന്നു. യേശു തന്റെ ഉപദേശങ്ങൾ, തന്റെ യാഗം (ത്യാഗം), തന്റെ ജീവിതം എന്നിവയിലൂടെയാണു അതു നിർവ്വഹിച്ചത്. അതായതു, താൻ എങ്ങനെയാണു സാധാരണ ആളുകളോടു ഇടപെട്ടതു എന്നതിലൂടെ യേശുവിന്റെ പല നടപടികളും മറ്റുള്ളവരുടെ ജീവിതങ്ങളിൽ പെട്ടെന്നുള്ള യഥാർത്ഥ-മാറ്റങ്ങൾ ഉളവാക്കി.

മശിഹയുടെ ശുശ്രൂഷ ഈ പഴയനിയമം പ്രവാചകന്മാരാലും യേശുവിന്റെ അമ്മ മറിയയാലും യേശുവിനാൽ തന്നെയും പ്രവചിക്കപ്പെട്ടിരുന്നതാണ്. യേശു തന്റെ ദൗത്യം നിർവ്വഹിച്ച ആദ്യപ്രസംഗത്തിൽ അതു രേഖപ്പെടുത്തിയിട്ടുണ്ട് (ലൂക്കൊ. 4). അതു കൂടാതെ, സുവിശേഷ എഴുത്തുകാർ യേശുവിന്റെ കഥ പറഞ്ഞപ്പോൾ പലപ്പോഴും പഴയനിയമ പ്രവാചകന്മാരുടെ ഭാഷ, യേശു എന്താണു ചെയ്തിരുന്നതെന്നു വിവരിക്കുവാൻ ഉപയോഗിച്ചിട്ടുണ്ട്; ഈ വിധത്തിൽ, ഈ പ്രവാചകന്മാരുടെ പാരമ്പര്യത്തിൽ, ദരിദ്രരോടും പീഡിതരോടും അവർക്കുണ്ടായിരുന്ന അനുകമ്പ അടക്കം യേശുവിന്റെ ജീവിതം വ്യക്തമായി കാണപ്പെട്ടിരുന്നു.

യേശുവിനെ മതനേതാക്കൾ എന്തായാലും ഒരു ഭീഷണി ആയാണു ധരിച്ചിരുന്നത്. അന്യായത്തിന്റെയും ക്രൂരതയുടെയും ദുർവ്വഹമായ ഒരു ദൃഷ്ടാന്തത്തിൽ, അവർ യേശുവിനെ ബന്ധിച്ചു, അന്യായമായി വിചാരണ ചെയ്തു, ക്രൂശിച്ചു. യേശുവിൽ, അന്യായം എന്തുപോലെയാണു അനുഭവപ്പെടുക എന്നു ദൈവത്തിനു അറിയാം. മാത്രമല്ല, തന്റെ മരണത്തിൽ യേശു ദുഷ്ടതയുടെ ഭീകരതയെ തുറന്നു കാട്ടി. തന്റെ പുനരുത്ഥാനത്തിൽ ആകട്ടെ യേശു ജീവനും നന്മയ്ക്കും രക്ഷയ്ക്കുമായി വിജയം വരിച്ചു.

# മറിയയുടെ ഗീതം

ആ രംഗം ഒന്നു വിചാരിച്ചുനോക്കുക: ഏതാനും ദിവസങ്ങൾക്കു മുമ്പു മാത്രം മറിയയ്ക്കു ഗബ്രീയേൽ ദൂതനിൽനിന്നു ഒരു ദൂതു ലഭിച്ചു. അത്യുന്നതന്റെ മകനായ യേശുവിന്റെ അമ്മ അവൾ ആയിരിക്കുമെന്നു ദൂതൻ അവളോടു പറഞ്ഞിരുന്നു. അവൾ അതു ആരോടും പറഞ്ഞില്ല; എന്നാൽ എലീശബെത്തിനെ കാണുവാൻ പോയി. എലീശബെത്ത് മറിയയുടെ ചാർച്ചക്കാരിയും മറിയ എന്നപോലെ ഒരു അത്ഭുത ശിശുവിന്റെ പ്രതീക്ഷയിലും ആയിരുന്നു. ആത്മിക ഉൾക്കാഴ്ചയിൽ, മറിയ ഒന്നും പറയാതെ തന്നെ, അവളുടെ വിശേഷവാർത്ത എലീശബെത്ത് തിരിച്ചറിയുകയും അവർ ഒരുമിച്ചു ദൈവത്തിന്റെ വാഗ്ദത്തങ്ങളെയും നന്മയെയും ആഘോഷിക്കുകയും ചെയ്യുന്നു.

**ലൂക്കൊസ് 1:46–55 വായിക്കുക. തനിക്കുവേണ്ടി മാത്രം ഉള്ളവയ്ക്കും – "ശക്തനായവൻ എനിക്കു വൻകാര്യങ്ങളെ ചെയ്തിരിക്കുന്നു" (വാ. 49) – കൂടുതൽ പൊതുവായുള്ളതിനും ഇടയിലെ മിശ്രണം ശ്രദ്ധിക്കുക. ദൈവത്തിനുള്ള നമ്മുടെ സ്തുതിയും ആരാധനയും എന്തുകൊണ്ടു വ്യക്തിപരമായതും പൊതുവിലുള്ളതും അടങ്ങിയിരിക്കണം?**

ഇതൊരു എടുത്തു പറയത്തക്ക ഗാനമാണ്. സങ്കീർത്തനങ്ങളുടെയോ എബ്രായ പ്രവാചകന്മാരുടെ എഴുത്തുകളുടെയോ കൂട്ടത്തിൽ യോജിച്ചു പോകാവുന്ന ഒന്നാണിത്. അതിശയഭാവത്തിലും ദൈവത്തോടുള്ള നന്ദിയിലും മറിയ നിറഞ്ഞു തുളുമ്പുകയാണ്. ദൈവം, തന്റെ ജീവിതത്തിൽ പ്രവർത്തിക്കുന്നു എന്നു അവൾ വ്യക്തമായി കാണുന്നു. അതോടൊപ്പം, തനിക്കുവേണ്ടിയുള്ള ദൈവത്തിന്റെ പദ്ധതിയുടെ, തന്റെ രാജ്യത്തിനും മനുഷ്യവർഗ്ഗത്തിനും വേണ്ടിയുള്ള അർത്ഥവ്യാപ്തിയും അവൾക്കു നന്നായി ബോധ്യമാകുന്നുണ്ട്.

മറിയയുടെ മനോബോദ്ധ്യത്തിൽ പക്ഷേ, ദൈവം ശക്തനും സ്തുതിക്കു യോഗ്യനും മാത്രമല്ല, കരുണയുള്ളവനും ആകുന്നു. ദൈവത്തിനു സാധുക്കളോടും, അടിച്ചമർത്തപ്പെട്ടവരോടും ദരിദ്രരോടും ഒരു പ്രത്യേക കരുതൽ ഉള്ളതായും കാണപ്പെടുന്നു. സംഭവിക്കുവാൻ പോകുന്ന ജനനത്തിന്റെ സദ്വർത്തമാനം അറിയിച്ചു ദൂതൻ പോയി അല്പസമയത്തിനുള്ളിൽ ആണു മറിയ ഈ ഗാനം പാടിയത്. പ്രഭുക്കന്മാരെ സിംഹാസനങ്ങളിൽ നിന്നിറക്കി, താണവരെ ഉയർത്തിയിരിക്കുന്നു. വിശന്നിരിക്കുന്നവരെ നന്മകളാൽ നിറെച്ചു, സമ്പന്നന്മാരെ വെറുതെ അയച്ചുകളഞ്ഞിരിക്കുന്നു" (ലൂക്കൊസ് 1:52,53).

യേശുവിന്റെ ഭൂമിയിലെ ജീവിതകഥയുടെ ആരംഭത്തിൽതന്നെ, താൻ ഒരു ഭരണാധിപൻ ആയിട്ടാണു അറിയിക്കപ്പെട്ടിരിക്കുന്നത് (ലൂക്കൊസ് 1:43)- പക്ഷേ വ്യത്യസ്തമായ ഒരു തരം രാജ്യത്തിന്റെ ഭരണ കർത്താവായി. ധാരാളം വ്യാഖ്യാതാക്കൾ ആ രാജ്യത്തെ വിവരിച്ചിട്ടുണ്ട്. യേശു ആരംഭിക്കുവാനും സ്ഥാപിക്കുവാനും വന്ന ദൈവരാജ്യം, ഈ ലോകരാജ്യങ്ങളിലെ സാധാരണ സാമൂഹ്യക്രമങ്ങളെ അപേക്ഷിച്ചു "തലകീഴായ'താണ്. യേശുവിന്റെ രാജ്യത്തിന്റെ വിവരണപ്രകാരം, ശക്തരും ധനികരും ആയവർ ഏറ്റവും കുറഞ്ഞവരാണ്; ദരിദ്രരും പീഡിതരുമാകട്ടെ മോചിപ്പിക്കപ്പെട്ടും 'തൃപ്തരായും', ഉയർത്തപ്പെട്ടും ഉള്ളവരാണ്.

ദൈവരാജ്യത്തിന്റെ ഒരു വെളിപ്പെടൽ ആണു സഭ എങ്കിൽ, മറിയ വിവരിച്ച "തലകീഴായ രാജ്യ"ത്തിന്റെ മാതൃക എത്രമാത്രം നന്നായി അതു പ്രകടമാക്കുന്നു? ക്രിസ്തുവിന്റെ സ്നേഹത്തിനു പങ്കാളികളായ ശക്തരോടും ധനികരോടുപോലും ന്യായമായി മാത്രം ഇടപെട്ടുകൊണ്ടു ഇങ്ങനെ ഒരു മാതൃക ഉണ്ടാക്കുവാൻ എങ്ങനെ കഴിയും?

**തിങ്കൾ** **ഓഗസ്റ്റ് 12**

## യേശുവിന്റെ ദൗത്യപ്രഖ്യാപനം

അന്നേ ദിവസത്തിനുവേണ്ടിയുള്ള നിർദ്ദിഷ്ട വായന ആയിരുന്നാലും വായിക്കുവാൻ തനിക്കു നൽകപ്പെട്ട പുസ്തകച്ചുരുളിൽനിന്ന് അനുയോജ്യമായതു ഉദ്ദേശപൂർവ്വം കണ്ടെത്തിയതു ആയിരുന്നാലും (യെശ. 61:1,2) ഈ വാക്യങ്ങൾ യേശുവിന്റെ ആദ്യപരസ്യസുവിശേഷപ്രസംഗത്തിന്റെ അടിസ്ഥാനവചനം ആയതു ആകസ്മികമല്ല - ലൂക്കൊസ് 4:16 - 21 ലെ യേശുവിന്റെ ലഘുപ്രഭാഷണത്തിന്റെ കഥ ആയതും ആകസ്മികമല്ല. "ഇന്നു നിങ്ങൾ എന്റെ വചനം കേൾക്കയിൽ ഈ തിരുവെഴുത്തിനു നിവൃത്തി വന്നിരിക്കുന്നു" (വാ. 21) എന്നു തുടങ്ങുന്നു ലൂക്കൊസിന്റെ പരസ്യ ശുശ്രൂഷാവിവരണം.

യേശു മറിയയുടെ "തലകീഴായ രാജ്യത്തിന്റെ" ഗാനത്തിന്റെ സ്വരം തന്റെ പരസ്യശുശ്രൂഷയുടെ ഫലപ്രദമായ തുടക്കത്തിനു സ്വീകരിച്ചതുപോലെ കാണപ്പെടുന്നു. യേശു - ലൂക്കൊസ് യേശുവിന്റെ കഥ വീണ്ടും പറയുമ്പോഴും - താൻ എന്താണു ചെയ്തുവന്നത്, എന്താണു ചെയ്യുവാൻ പോകുന്നത് എന്നു വിവരിക്കുവാൻ യെശയ്യാവിന്റെ പ്രവചനം ഉപയോഗിച്ചു. അതാകട്ടെ 30 വർഷങ്ങൾക്കുമുമ്പു മറിയ വിവരിച്ചതിന്റെ മറ്റൊരു വിധത്തിലുള്ള വെളിപ്പെടുത്തൽ കൂടി ആയിരുന്നു. യേശു കൊണ്ടുവന്ന സദ്വർത്തമാനത്തിന്റെ പ്രത്യേക ശ്രദ്ധാകേന്ദ്രവും ഗുണഭോക്താക്കളും ദുഃഖിതരും, പീഡിതരും ദരിദ്രരും തന്നെ ആയിരുന്നു.

യേശു തന്റെ ദൗത്യപ്രഖ്യാപനത്തിന്റെ വിഷയമായി യെശയ്യാവ് 61 ലെ വാക്യങ്ങളെ സ്വീകരിച്ചു. യേശുവിന്റെ ശുശ്രൂഷയും ദൗത്യവും ഒരുപോലെ ആത്മികവും പ്രായോഗികവും, ആയിരിക്കേണ്ടതിനുള്ളതും, നമ്മൾ ചില പ്പോഴൊക്കെ കരുതുന്നതുപോലെ ആത്മികതയും പ്രായോഗികതയും വേറി ട്ടുള്ളതല്ല എന്നു കാണിക്കുന്നതും ആയിരുന്നു. യേശുവിനും തന്റെ ശിഷ്യ ന്മാർക്കും, ജനങ്ങളെ ശാരീരികമായും പ്രായോഗികമായും കരുതുക എന്നത് ആത്മികമായി അവരെ കരുതുന്നതിന്റെ കുറഞ്ഞപക്ഷം ഭാഗമെങ്കിലും ആയി രുന്നു.

**ലൂക്കൊസ് 4:16-21, 7:18-23 വേദഭാഗങ്ങൾ വായിച്ചു താരതമ്യം ചെയ്യുക. യേശു ഇപ്രകാരം ഉത്തരം നൽകിയതിന്റെ കാരണം എന്താണെന്നു നിങ്ങൾ കരുതുന്നു? യേശുവിന്റെ ദിവ്യത്വവും മശിഹാ ത്വവും സംബന്ധിച്ചു അപ്രകാരമുള്ള ചോദ്യങ്ങൾക്കു നിങ്ങൾ എങ്ങനെ മറുപടി നൽകും?**

യേശു തന്റെ ശിഷ്യന്മാരെ അയച്ചപ്പോൾ അവർക്കു നൽകിയ നിയോ ഗവും ഈ ദൗത്യത്തിനു അനുസൃതം ആയിരുന്നു. "സ്വർഗ്ഗരാജ്യം സമീപി ച്ചിരിക്കുന്നു" (മത്താ. 10:7) എന്നു അവർ വിളിച്ചു പറയുമ്പോൾ, യേശു അവർക്കു നൽകിയ അധിക ഉപദേശങ്ങൾ: "രോഗികളെ സൗഖ്യമാക്കുക, മരിച്ചവരെ ഉയർപ്പിക്കുക, കുഷ്ഠരോഗികളെ ശുദ്ധമാക്കുക, ഭൂതങ്ങളെ പുറ ത്താക്കുക", സൗജന്യമായി നിങ്ങൾക്കു ലഭിച്ചു, സൗജന്യമായി കൊടുപ്പിൻ" എന്നിങ്ങനെ ആയിരുന്നു (മത്താ 10:8). യേശുവിന്റെ നാമത്തിലുള്ള അവ രുടെ ശുശ്രൂഷ, തന്റെ ശുശ്രൂഷയുടെയും ആളുകളെ ക്ഷണിച്ച രാജ്യത്തി ന്റെയും മൂല്യങ്ങളെയും തത്വങ്ങളെയും പ്രതിഫലിപ്പിക്കുകയും പ്രകടിപ്പി ക്കുകയും വേണമായിരുന്നു. യേശുവിനോടൊപ്പം ചേർന്നു ശിഷ്യന്മാരും ഒടു ക്കത്തവരെയും നിസ്സാരരെയും നഷ്ടപ്പെട്ടവരെയും ഉയർത്തണമായിരുന്നു.

നഷ്ടപ്പെട്ട ലോകത്തോടു നിർണ്ണായകമായ ത്രിവിധ ദൂതുകൾ പ്രസം ഗിക്കുന്നതിൽ ഈ പ്രവർത്തനത്തെ എപ്രകാരം നമ്മൾ സമീകൃതമായി നിറവേറ്റും? നാം ചെയ്യുന്ന എല്ലാകാര്യങ്ങളും ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ, 'ഇന്നത്തേക്കുള്ള സത്യ'ത്തിന്റെ പ്രഖ്യാപനവുമായി എന്തുകൊണ്ടു ബന്ധപ്പെട്ടിരിക്കണം?

**ചൊവ്വ** **ഓഗസ്റ്റ് 13**

# യേശു സൗഖ്യമാക്കുന്നു

യേശുവിന്റെ അതിശയപ്രവൃത്തികളുടെ, പ്രത്യേകിച്ചു രോഗസൗഖ്യ ത്തിന്റെ കഥകൾക്കൊണ്ടു സുവിശേഷങ്ങൾ എരിവുള്ളതാക്കപ്പെട്ടിരിക്കുന്നു. യെശയ്യാവ് പ്രവചിച്ചിരുന്നപ്രകാരം, യേശു അന്ധന്മാരെ സൗഖ്യമാക്കുകയും രോഗ

ങ്ങളാൽ ബന്ധിതരായിരുന്നവരെ മോചിപ്പിക്കുകയും ചെയ്തു, ചിലരെ ഏറെ വർഷങ്ങളിലെ കഷ്ടത്തിനുശേഷം (ഉദാഹരണത്തിനു വായിക്കുക, മർക്കൊസ് 5:1–15). യേശു ഇതിലും അധികം ചെയ്തു. മുടന്തരായിരുന്നവരെ നടത്തി; കുഷ്ഠരോഗികളെ സൗഖ്യമാക്കി-വചനം കൊണ്ടല്ല, അവരെ തൊട്ടു-അവർ "അശുദ്ധർ" ആയിരുന്നെങ്കിൽപോലും, മനസ്സും ശരീരവുമൊക്കെ കൈവശപ്പെടുത്തിയിരുന്ന പിശാചുക്കളെ നേരിട്ടു; യേശു മരിച്ചവരെ ജീവിപ്പിക്കുക പോലും ചെയ്തു.

യേശുവിന്റെ ശക്തിയെ തെളിയിച്ചു സംശയാലുക്കളെയും വിമർശകരെയും ബോദ്ധ്യപ്പെടുത്തി ജനക്കൂട്ടങ്ങളെ തന്നിലേക്കു ആകർഷിക്കുന്നതിനുവേണ്ടി ആയിരുന്നു യേശു ഇതൊക്കെ ചെയ്തതെന്നു നമ്മൾ പ്രതീക്ഷിച്ചേക്കാം. കാര്യം പക്ഷേ എപ്പോഴും ഇതായിരുന്നില്ല. മറിച്ചു, സൗഖ്യമായവരോടു, ആരെയും അറിയിക്കരുതെന്നു പലപ്പോഴും പറഞ്ഞിരുന്നു. സൗഖ്യമാക്കപ്പെട്ട ചിലരൊക്കെ യേശുവിന്റെ വിലക്കു കണക്കിലെടുക്കാതെയും അതിശയവാർത്ത തങ്ങളിൽത്തന്നെ ഒതുക്കി വയ്ക്കാതിരിക്കയും ചെയ്തിട്ടുണ്ട്. അപ്പോഴും, തന്റെ അതിശയ പ്രവൃത്തികൾ പ്രദർശനത്തെക്കാൾ പ്രധാനം ആണെന്നു കാണിക്കുവാനാണു യേശു ശ്രമിച്ചത്. യേശുവിൽ മനുഷ്യർ രക്ഷപ്രാപിക്കണം എന്നതായിരുന്നു, നിശ്ചയമായും, അന്തിമ ലക്ഷ്യം.

യേശുവിന്റെ സൗഖ്യമാക്കലിന്റെ അതിശയപ്രവൃത്തികൾ എന്തായാലും തന്റെ അനുകമ്പയുടെ പ്രദർശനങ്ങൾ ആയിരുന്നു. ഉദാഹരണത്തിനു, യേശു 5000 പേർക്കു ഭക്ഷണം നൽകിയതിനെക്കുറിച്ചു മത്തായി പറയുന്നു. "യേശു വന്നു വലിയ പുരുഷാരത്തെ കണ്ടു അവരിൽ മനസ്സലിഞ്ഞു അവരുടെ രോഗികളെ സൗഖ്യമാക്കി" (മത്താ. 14:14). യേശു ദുഃഖിതരുടെ വേദന അറിഞ്ഞു, താനുമായി ബന്ധപ്പെടുവന്നവരെ സഹായിക്കുന്നതിനും ഉയർത്തുന്നതിനും കഴിയുന്നതു ചെയ്തു.

**മത്തായി 12:15–21 ൽ യെശയ്യാവിന്റെ പ്രവചനം വായിക്കുക. യേശു ചിലരെ അല്ലെങ്കിൽ ഏതാനും പേരെ സൗഖ്യമാക്കുന്നതു, നൂറു രോഗികളെ സൗഖ്യമാക്കുന്നതിനെക്കാൾ വലുതാണു ചെയ്തതെന്നു മത്തായിയും യെശയ്യാവും ഏതെല്ലാം വിധങ്ങളിലാണു തിരിച്ചറിയുന്നത്?**

"യേശു നിർവ്വഹിച്ച ഓരോ അതിശയപ്രവൃത്തിയും തന്റെ ദിവ്യത്വത്തിന്റെ അടയാളം ആയിരുന്നു. മശിഹയെ സംബന്ധിച്ചു മുൻകൂട്ടി പറയപ്പെട്ടിരുന്ന പ്രവൃത്തികളാണു താൻ ചെയ്തുകൊണ്ടിരുന്നത്. പരീശന്മാരെ, സംബന്ധിച്ചിടത്തോളം കരുണയുടെ ഈ പ്രവൃത്തികൾ കുറ്റങ്ങൾ ആയിരുന്നു. യെഹൂദ മതനേതാക്കൾ ഹൃദയശൂന്യമായ വ്യത്യസ്തതയോടെയാണു മനുഷ്യദുരിതങ്ങളെ നോക്കി കണ്ടത്. പലതിലും അവരുടെ സ്വാർത്ഥതയും പീഡനവും ആയിരുന്നു ക്രിസ്തു ആശ്വാസം വരുത്തിയ യാതനകളുടെ

കാരണം. യേശുവിന്റെ അതിശയപ്രവൃത്തികൾ അങ്ങനെ അവർക്കു ആക്ഷേപം ആയി” The Desire of Ages, P. 406.

**യേശുവിന്റെ രോഗസൗഖ്യ അതിശയങ്ങൾ അനുകമ്പയുടെയും നീതിയുടെയും ക്രിയകൾ ആയിരുന്നു. യേശു ചെയ്ത എല്ലാ കാര്യങ്ങളും ആത്യന്തികമായി മനുഷ്യരെ നിത്യജീവനിലേക്കു നയിക്കുന്നതു ആയിരുന്നു (യോഹ. 17:3 കാണുക).**

**ബുധൻ** **ഓഗസ്റ്റ് 14**

## മന്ദിരം സ്വതന്ത്രമാക്കുന്നു

യേശുവിന്റെ കഥകൾ സുവിശേഷങ്ങളിൽ വായിക്കുമ്പോൾ, യേശുവിന്റെ സൗമ്യരൂപങ്ങളാണു പലപ്പോഴും നമ്മെ ആകർഷിക്കുന്നത്. രോഗികൾക്കും കുഞ്ഞുങ്ങൾക്കും വേണ്ടിയുള്ള കരുതൽ, നഷ്ടപ്പെട്ടവയെ അന്വേഷിക്കുന്നതിന്റെ കഥകൾ, ദൈവരാജ്യത്തെക്കുറിച്ചുള്ള യേശുവിന്റെ സംസാരം എന്നിവ അതിനു തെളിവുകളാണ്. മറ്റു നടപടികളിൽ, പരുക്കനായി യേശു പ്രവർത്തിക്കുന്നതായി നമുക്കു തോന്നുവാൻ അതായിരിക്കാം കാരണം.

**മത്തായി 21:12-16; മർക്കൊസ് 11:15-19; ലൂക്കൊസ് 19:45-48; യോഹന്നാൻ 2:13-17 വായിക്കുക. ഒരു പോലെയുള്ള കഥകൾ ഈ സുവിശേഷങ്ങളിലെല്ലാം പറയപ്പെട്ടിരിക്കുന്നതിന്റെ പ്രത്യേകത എന്താണ്?**

സുവിശേഷങ്ങളിൽ ഓരോന്നിലും ഈ സംഭവം ചേർക്കപ്പെട്ടിരിക്കുന്നതു അതിശയമല്ല. നാടകവും പ്രവൃത്തികളും വികാരങ്ങളുമൊക്കെ ചേരുന്നതാണു ഈ കഥ. വിശുദ്ധമന്ദിരം ഇത്തരത്തിൽ ഉപയോഗിക്കപ്പെട്ടിരുന്നതിലും, യാഗമൃഗങ്ങളുടെ വില്പന സത്യാരാധനയുടെ സ്ഥാനം എടുത്തതിലും യേശുവിനു നിശ്ചയമായും വിചാരം ഉണ്ടായിരുന്നു. ലോകത്തിന്റെ പാപങ്ങൾക്കുവേണ്ടിയുള്ള തന്റെ പകരം മരണത്തിന്റെ പ്രതീകങ്ങളായ ഈ യാഗങ്ങളെ എത്രമാത്രം അവിശുദ്ധം ആക്കുന്നതായിരുന്നു അവ!

അത്ര നേരിട്ടുള്ള പ്രവൃത്തി എബ്രായ പ്രവാചകന്മാരുടെ പാരമ്പര്യത്തിനു ചേരുന്നതു ആയിരുന്നു. ഈ കഥയിൽ എന്താണു സംഭവിച്ചതെന്നു വിശദീകരിക്കുവാൻ, യേശുവോ അല്ലെങ്കിൽ സുവിശേഷ എഴുത്തുകാരോ യെശയ്യാവു, യിരെമ്യാവു എന്നിവരിൽനിന്നോ സങ്കീർത്തനങ്ങളിൽനിന്നോ ഇക്കാര്യം എടുത്തു പറഞ്ഞിട്ടുണ്ട്. ദൈവാലയ പരിസരത്തുനിന്നു കച്ചവടക്കാരെയും പൊൻവാണിഭക്കാരെയും പുറത്താക്കിക്കൊണ്ടു വിശുദ്ധമന്ദിരത്തിൽ ഉപദേശിക്കുകയും രോഗികളെ സൗഖ്യമാക്കുകയും ചെയ്തപ്പോൾ, യേശുവിനെ ഒരു പ്രവാചകനായി ജനം തിരിച്ചറിയുകയും തന്റെ അടുക്കൽ വരികയും ചെയ്തു (മത്താ. 21:11). യേശുവിന്റെ ഉപദേശങ്ങളെ ശ്രദ്ധിച്ചതിലൂടെ ജനങ്ങൾ ആയിരുന്നു സൗഖ്യം പ്രാപിച്ചതും അവരുടെ ഹൃദയങ്ങളിൽ ആണു പ്രത്യാശ വളർന്നതും.

യേശുവിനെ മതനായകന്മാരും ഒരു പ്രവാചകനായി കണ്ടിരുന്നു, പക്ഷേ, തങ്ങളുടെ അധികാരത്തിനും സാമൂഹികക്രമത്തിന്റെ ഉറപ്പിനും അപകട കാരിയായ ഒരുവനായി മാത്രം യേശുവിനെ കൊല്ലുന്നതിനുള്ള ഗൂഢാലോച നയ്ക്കായി അവർ പിരിഞ്ഞുപോയി - അവരുടെ മുൻഗാമികൾ പ്രവാചക ന്മാരെ കൊല്ലുവാൻ മുൻകൂട്ടി ആലോചിച്ചതുപോലെ (ലൂക്കൊസ് 19:47,48 ൽ ഈ വൈപരീത്യം കാണുക).

**സഭാംഗങ്ങൾ എന്ന നിലയിൽ, ക്രിസ്തുവിന്റെ കാലത്തു ദൈവാലയത്തിനു ഒരു ശുദ്ധീകരണം ആവശ്യമായി വന്നപ്രകാരം, ഇന്നു പ്രാദേശിക സഭകളിൽ വേണ്ടിവരാതിരിക്കുവാൻ നമ്മുടെ ഭാഗം നിറ വേറ്റുവാൻ എങ്ങനെ കഴിയും? അത്തരം ആത്മിക അപകടങ്ങളെ എങ്ങനെ ഒഴിവാക്കാൻ കഴിയും? വാസ്തവത്തിൽ അവയിൽ ചിലതു എന്തൊക്കെ ആയിരിക്കാം?**

**വ്യാഴം** **ഓഗസ്റ്റ് 15**

## ക്രിസ്തുവിന്റെ ക്രൂശ്

ദൈവം സാധുക്കളുടെയും പീഡിതരുടെയും നിലവിളി കാണുകയും കേൾക്കുകയും ചെയ്യുന്ന ദൈവമാണു എന്നതു ആശ്വാസകരമാണ്. ദൈവം യേശുവിൽ നമ്മുടെ ലോകത്തിന്റെ അത്യന്തം ഹീനമായ മനുഷ്യത്വമില്ലാ യ്മയും, പീഡനവും അന്യായവും അനുഭവിച്ചറിഞ്ഞു എന്നതും വിസ്മയ കരമാണ്. യേശു തന്റെ ജീവിതത്തിലും ശുശ്രൂഷയിലും വേണ്ടത്ര അനുക മ്പയും നന്മയും പ്രകടമാക്കിയിട്ടും വിരോധത്തിന്റെയും അസൂയയുടെയും അനീതിയുടെയും ഫലമായാണു യേശു കൊല്ലപ്പെട്ടത്.

യേശുവിന്റെ ഗെത്ത്ശമനയിലെ ഉള്ളു നുറുങ്ങിയ പ്രാർത്ഥന മുതൽ, തന്റെ ബന്ധനവും "വിചാരണകളും" ദാരുണമായ ശാരീരിക പീഡനവും പരിഹാസവും ക്രൂശീകരണവും മരണവും വരെ, വേദനയുടെയും ക്രൂരത യുടെയും ദുഷ്ടതയുടെയും പീഡന ശക്തിയുടെയും ദയനീയമായ അനുഭ വമാണു തനിക്കുണ്ടായത്. ഇതെല്ലാം സഹിച്ച ഒരുവന്റെ നിഷ്കളങ്കത്വവും നിർമ്മ ലതയും നന്മയുമാണു ഈ പ്രകോപനമെല്ലാം ഉണ്ടാക്കിയത് "ദാസരൂപമെടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം, ക്രൂശിലെ മരണത്തോളം തന്നേ അനുസരണം ഉള്ളവനായിത്തീർന്നു" (ഫിലി. 2:7,8). രക്ഷാകഥയുടെ സൂക്ഷ്മദർശിനിയിലൂടെ യേശുവിന്റെ ത്യാഗത്തിന്റെ മനോഹാരിത നാം ദർശിക്കുന്നു. യേശു അനുഭവിച്ച അനീതിയുടെയും കഷ്ടങ്ങളുടെയും മഹത്വം പക്ഷേ ഒരിക്കലും നാം മറക്കരുത്.

**യെശയ്യാവു 53:3-6 വായിക്കുക; യേശുവിനു എന്താണു സംഭവി ച്ചത്, നിർദ്ദോഷി ആയവൻ കുറ്റക്കാരനുവേണ്ടി കഷ്ടം അനുഭവിക്കു**

**ന്നതിനെ സംബന്ധിച്ചു ഇതു എന്താണു നമ്മോടു പറയുന്നത്? യേശു നമുക്കുവേണ്ടി അനുഭവിച്ചതിനെ മനസ്സിലാക്കുവാൻ ഇതെങ്ങനെ സഹാ യിക്കുന്നു?**

യേശു, ദുഷ്ടതയുടെയും അനീതിയുടെയും ബലിയാട് ആകുക എന്ന അനുഭവം എങ്ങനെയെന്നു ദൈവം അറിയുന്നു. നിർദ്ദോഷിയായ ഒരുവന്റെ മരണവിധി ഒരു അതിക്രമം ആണു; ദൈവം കൊല്ലപ്പെടുന്നതു അതിലും അധികരിച്ചതാണ്. ദൈവം നമ്മുടെ തകർന്നതും അധഃപതിച്ചതുമായ അവ സ്ഥയോടു ഐക്യരൂപ്യം സ്വീകരിച്ചു. അതുകൊണ്ടു ദൈവത്തിന്റെ താദാ ത്മ്യത്തെയും അനുകമ്പയെയും വിശ്വസ്തതയെയും നാം ഒരിക്കലും സംശ യിക്കരുത്. "നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത്" (എബ്രാ. 4:15). ദൈവസ്വഭാവത്തിന്റെ എന്തൊരു വെളിപ്പെടുത്തൽ! ക്രൂശ് പ്രതിനിധീകരി ക്കുന്ന ദൈവത്തെക്കുറിച്ചുള്ള സദ്‌വർത്തമാനത്തിന്റെ ചുറ്റിലും നമ്മുടെ മന സ്സുകളെ പതിപ്പിക്കുവാൻ തുടങ്ങുന്നതിനുപോലും നമുക്കു എങ്ങനെ കഴിയും!

**കർത്താവിനുവേണ്ടി നാം ചെയ്യുന്ന എല്ലാ കാര്യങ്ങളിലും പ്രത്യേ കിച്ചു ദരിദ്രർക്കും നിസ്സഹായർക്കും ചെയ്യുന്നതിൽ, എന്തുകൊണ്ടു നമ്മൾ യേശുവിന്റെ പകരമരണത്തെ കേന്ദ്രമാക്കണം?**

**വെള്ളി** **ഓഗസ്റ്റ് 16**

**കൂടുതൽ പഠനം:** എലെൻ ജി. വൈറ്റിന്റെ Welfare Ministry PP. 117-124; Ministry of Healing, PP. 29-50; The Desire of Ages, pp. 589-600; PP. 723-740.

''ദൈവം തന്റെ നിയമത്തിന്റെ ലംഘകരെ ശിക്ഷിക്കും" എന്നതിനു തന്റെ വചനത്തിൽ നിർണ്ണായകമായ തെളിവു നൽകിയിട്ടുണ്ട്. ദൈവം പാപി കളുടെ മേൽ നീതി നടപ്പാക്കുന്നതിൽ അത്രയേറെ കരുണയുള്ളവനാണെന്നു സ്വയം ഭംഗിവാക്കു പറയുന്നവർ കേവലം ക്രൂശിലേക്കു നോക്കുകയേ വേണ്ടൂ. കളങ്കമില്ലാത്ത ദൈവപുത്രന്റെ മരണം സാക്ഷ്യപ്പെടുത്തുന്നു: 'പാപ ത്തിന്റെ ശമ്പളം മരണം ആകുന്നു'. ദൈവത്തിന്റെ ന്യായപ്രമാണത്തിന്റെ ഓരോ ലംഘനത്തിനും അതിന്റെ ന്യായമായ ശിക്ഷ ലഭിക്കേണ്ടതുണ്ടു. ക്രിസ്തുവായ പാപമില്ലാത്തവൻ മനുഷ്യനുവേണ്ടി പാപിയായി. തന്റെ ഹൃദയം തകർക്കപ്പെട്ടു ജീവൻ കശക്കപ്പെടുന്നതുവരെ, ക്രിസ്തു ലംഘന ത്തിന്റെ ശിക്ഷയും തന്റെ പിതാവിന്റെ മുഖം മറയ്ക്കപ്പെട്ടതും വഹിക്കേ ണ്ടിവന്നു. പാപികൾ വീണ്ടെടുക്കപ്പെടുവാനാണ് ഈ ത്യാഗമത്രയും നിർവ്വ ഹിക്കപ്പെട്ടത്. പാപത്തിന്റെ ശിക്ഷയിൽനിന്നു മറ്റൊരു വിധത്തിലും മനു

ഷ്യനെ വിടുവിക്കുവാൻ കഴിയുമായിരുന്നില്ല. അത്ര വലിയ വിലയിൽ ഒരുക്കപ്പെട്ട പാപപരിഹാരത്തിൽ പങ്കാളി ആകുവാൻ നിരസിക്കുന്ന ഓരോ ആത്മാവും, തന്റെ തന്നെ വ്യക്തിത്വത്തിൽ ലംഘനത്തിന്റെ കുറ്റവും ശിക്ഷയും വഹിക്കണം" - The Great Controversy, PP. 539, 540.

**ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ:**

1. എലെൻ ജി. വൈറ്റിന്റെ മുൻ ഉദ്ധരണി വായിക്കുക. അനീതിയുടെ വാസ്തവികതയെക്കുറിച്ചു സംസാരിക്കുക: ക്രിസ്തു, നിർദ്ദോഷി, കുറ്റക്കാരന്റെ ശിക്ഷ അനുഭവിക്കുക! ഈ നിർണ്ണായക സത്യം നമുക്കു മുമ്പിൽ സൂക്ഷിക്കുന്നതു എന്തുകൊണ്ടു അത്ര പ്രധാനം ആയിരിക്കുന്നു?
2. യേശു താൻ പറഞ്ഞപ്രകാരമുള്ള ഒരു "രാജ്യം" സാധ്യമാക്കുന്നതിനു രാഷ്ട്രീയമായ ഒരു പരിഷ്കാരം നടപ്പിലാക്കിയില്ല. ചവിട്ടിമെതിക്കപ്പെട്ടവരുടെയും പീഡിപ്പിക്കപ്പെട്ടവരുടെയും സഹായത്തിനു എന്ന പേരിൽ, അക്രമവും പീഡനവും ഉപയോഗിച്ചവരുടെ ദുഃഖകരമായ കഥകൾക്കൊണ്ടു ചരിത്രം നിറയപ്പെട്ടിരിക്കുന്നു. കൂടെക്കൂടെ അത്തരം കാര്യങ്ങൾ നിർവ്വഹിക്കപ്പെട്ടതു, ഒരു പീഡക വിഭാഗത്തിന്റെ സ്ഥാനം മറ്റൊന്നു എടുക്കുന്നതിനുവേണ്ടി ആയിരുന്നു. ചവിട്ടിമെതിക്കപ്പെട്ടവരെ സഹായിക്കുവാൻ വേണ്ടി ക്രമീകൃതമായ ശക്തികളോടു ചേർന്നു പ്രവർത്തിക്കുവാൻ ക്രിസ്ത്യാനികൾക്കു കഴിയും, അങ്ങനെ പ്രവർത്തിക്കുകയും വേണമെന്നിരിക്കെ, എന്തുകൊണ്ടു കാര്യങ്ങൾ നേടുന്നതിനു രാഷ്ട്രീയം ഉപയോഗിക്കുവാൻ അവർ എപ്പോഴും മത്സരിക്കണം?
3. രക്ഷാപദ്ധതി അനിവാര്യമാക്കിയതു എന്താണെന്നതിനെക്കുറിച്ചു ചിന്തിക്കുക. നീതിമാനായ യേശു നീതി കെട്ടവരായ നമ്മിൽ ഓരോരുത്തർക്കും വേണ്ടി കഷ്ടം സഹിക്കുക. നമുക്കുവേണ്ടിയുള്ള ഈ വലിയ ത്യാഗം എന്തുകൊണ്ടു നമ്മെ ക്രിസ്തുവിൽ പുതിയ മനുഷ്യർ ആക്കിത്തീർക്കണം?

**സംഗ്രഹം:** യേശുവിന്റെ ശുശ്രൂഷകൾ സുവിശേഷം പഴയനിയമ പ്രവാചകന്മാരുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി ആവിഷ്കരിക്കുകയും വിശദീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ദരിദ്രർക്കു സദ്വർത്തമാനം, പീഡിതർക്കു വിടുതൽ, ദുഃഖിതർക്കു സൗഖ്യം എന്നിവ മശിഹയുടെ അടയാളങ്ങളായി പ്രഖ്യാപിക്കപ്പെട്ടിരുന്നു. യേശു തന്റെ ശുശ്രൂഷയിലൂടെ പ്രകടമാക്കിയതും ഇതായിരുന്നു. എന്നിരുന്നിട്ടും, യേശു തന്റെ മരണത്തിൽ അനീതിയുടെ കടുത്ത ആഘാതം അനുഭവിക്കുകയും, വീഴ്ചഭവിച്ച മനുഷ്യത്വത്തിന്റെയും മനുഷ്യത്വരാഹിത്യത്തിന്റെയും അതിനീചമായ സ്ഥിതിയെ അന്തിമമായി അതിജീവിക്കുകയും ചെയ്തു. നമുക്കുവേണ്ടിയുള്ള യേശുവിന്റെ അന്യായ മരണത്തിനും, നമ്മുടെ പാപക്ഷമയ്ക്കും, നമുക്കു നിത്യജീവന്റെ വാഗ്ദത്തം ഉള്ളതിനും നന്ദി.

***